'113142/2023

25/08 Received

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി .ഐ എ എസ്.)

വിഷയം:- വനിത ശിശു വികസന വകുപ്പ് ഐ സി ഡി എസ് പോഷകബാല്യം പദ്ധതി 2023-24 - കൊല്ലം ജില്ലയ്ക്ക് രണ്ടാം ഗഡു തുക അനുവദിച്ച ഉത്തരവാകുന്നു.

പരാമർശം:

1. 14.06.2023 ലെ സ.ഉ.(സാധാ) നമ്പർ.344/2023 WCDD,345/2023WCDD നമ്പർ സർക്കാർ ഉത്തരവുകൾ
2. 24.05.2023 ലെ.DWCD/ 2602/2023-ICDS B1 ഉത്തരവ്
3. കൊല്ലം ജില്ലാ ഓഫീസറുടെ 02.08.2023ലെ No.DWCDO/KLM/328/23 നമ്പർ കത്ത്.

<u>ഉത്തരവ് നം. DWCD/2602/2023-ICDSB1 തീയതി: 24-08-2023</u>

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും,സുസ്ഥിരവികസന ലക്ഷ്യമായ "നോ ഹംഗർ" കൈവരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും ആഴ്ചയിൽ 2 ദിവസം മുട്ടയും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന നൂതന സംസ്ഥാനപദ്ധതി 2022-23 ൽ ആരംഭിച്ചു. നടപ്പു സാമ്പത്തിക വർഷവും പദ്ധതി തുടരുന്നതിനായി പരാമർശം (1) പ്രകാരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ 6350.00 ലക്ഷം രൂപ വകയിരുത്തുകയും 2235-02-102-22-00-34-03(PV) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ലയിലെ അങ്കണവാടികളിൽ മുട്ട വിതരണത്തിനായി 38,00,000/- രൂപയും പാൽ വിതരണത്തിനായി 40,00,000/- രൂപയും ഉൾപ്പെടെ ആകെ 78,00,000/-രൂപ പരാമർശം (2) പ്രകാരം അനുവദിച്ചിരുന്നു. 2023 ഓഗസ്റ്റ് വരെ മുട്ടയ്ക്ക് 15,05,007/- രൂപയും പാലിന് 18,70,150/- രൂപയും ഉൾപ്പെടെ ആകെ 33,75,157/- കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർ പരാമർശം (3) പ്രകാരം അധികമായി ആവശ്യപ്പെട്ടിട്ടുണ്ട്

മേൽ സാഹചര്യത്തിൽ, രണ്ടാം ഗഡുവായി മുട്ടയ്ക്ക് 15,05,007/- രൂപയും പാലിന് 18,70,150/- രൂപയും ഉൾപ്പെടെ ആകെ 33,75,157/- രൂപ (മുപ്പത്തി മൂന്നു ലക്ഷത്തി എഴുപത്തി അയ്യായിരത്തി ഒരുനൂറ്റി അൻപത്തി ഏഴ് രൂപാ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-22-00-34-03(PV) എന്ന ശീർഷകത്തിൽ നിന്നും കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അനുവദിച്ചുത്തരവാകുന്നു.

പരാമർശം (2) പ്രകാരം അനുവദിച്ച തുകയുടേയും, ഈ ഉത്തരവു പ്രകാരം അനുവദിക്കുന്ന തുകയുടേയും വിനിയോഗ സാക്ഷ്യപത്രം പ്രോഗ്രാം ഓഫീസർ ക്രോഡീകരിച്ചു ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

(ഒപ്പ്)

/113142/2023

വനിത ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു വികസന ഓഫീസർ, കൊല്ലം

പകർപ്പ് :

1. പ്രോഗ്രാം ഓഫീസർ,കൊല്ലം,
2. സൂപ്രണ്ട്, A സെക്ഷൻ,
3. വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്,
4. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Signed by Priyanka G
Date: 24-08-2023 18:18:44